09-08-2017

മംഗളം

PUBLISHED FROM KOTTAYAM, KOZHIKODE, KOCHI, THIRUVANANTHAPURAM, THRISSUR, IDUKKI AND KANNUR

# പോളിടെക്നിക്കിൽ എൻ.സി.സി –സ്പോർട്ട്സ് ക്വാട്ട പ്രവേശനം

തിരുവനന്തപുരം: പോളിടെക്നിക്കുകളിൽ എൻ.സി.സി/സ്പോർട്ട്സ് ക്വാട്ട പ്രവേശനത്തിനുള്ള കൗൺസിലിംഗ് 11ന് തിരുവനന്തപുരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നടക്കും. കൗൺസിലിംഗിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ബന്ധപ്പെട്ട രേഖകളുടെ അസലുമായി രക്ഷകർത്താവിനോടൊപ്പം രാവിലെ 10 മണിക്ക് എത്തണം.

സ്പോർട്ട്സ് ക്വാട്ടയിലെ 19 സീറ്റുകളിലേക്ക് രാവിലെ 10 മുതൽ 11 മണി വരെ ഒന്നു മുതൽ 60 റാങ്ക് വരെയുള്ള വിദ്യാർത്ഥികളുടെയും 11 മുതൽ 12 മണിവരെ 60 നുമുകളിൽ 88 വരെ റാങ്കുള്ളവരുടെയും കൗൺസിലിംഗ് നടക്കും. എൻ.സി.സി ക്വാട്ടയിലുള്ള 50 സീറ്റുകളിൽ 49 എണ്ണം സ്ട്രീം ഒന്നിലാണ്.

രാവിലെ 11 മുതൽ 12 വരെ ഒന്നു മുതൽ 60 റാങ്ക് വരെയുള്ളവരുടെയും 12 മണി മുതൽ ഒരു മണിവരെ 61 മുതൽ 108 റാങ്ക് വരെയുള്ളവരുടെയും കൗൺസിലിംഗും കൈമനം വനിതാ പോളിയിലെ സ്ട്രീം രണ്ട് സീറ്റിലേക്ക് രാവിലെ 11 മുതൽ 12 മണി വരെ ഒന്നു മുതൽ 60 റാങ്ക് വരെയുള്ള വിദ്യാർത്ഥികളുടെ കൗൺസിലിംഗും നടക്കും.

Polytechnic Dte Contact No. 0471-2561319
2561408